(ഡി) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മോഡ്യൂൾ തയ്യാറാക്കൽ, നിയോജകമണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ പൂർത്തിയായിക്കഴിഞ്ഞു. പ്രോജക്ട് റിപ്പോർട്ടനുസരിച്ചുള്ള പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ. അദ്ധ്യക്ഷനായ നിയോജക മണ്ഡലം സമിതിയുടെ നേതൃത്വത്തിലും മുനിസിപ്പൽ/പഞ്ചായത്ത്/സ്കൂൾ തലങ്ങളിലുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലും നടന്നുകൊണ്ടിരിക്കുന്നു.

ഹയർ സെക്കണ്ടറി പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഭാഗമാക്കി കൊണ്ടുവരാനുള്ള നിർദ്ദേശം

37 (4646) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം എന്നിവ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമാക്കി ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവരാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ?

ഉത്തരം

ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണയിലില്ല.

ഹയർ സെക്കണ്ടറിയിലെ അദ്ധ്യാപക നിയമനം

38 (4647) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ഡയറക്ടറുടെ 2-12-2004-ലെ ADB1/110480/01/HSE ഉത്തരവ് പ്രകാരം നടത്തിയ 1437 അദ്ധ്യാപകരുടെ നിയമനം ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന് വിശദമാക്കാമോ;

(ബി) നേരിട്ടും തസ്തിക മാറ്റവും വഴിയുള്ള നിയമനത്തിന്റെ 3:1 എന്ന അനുപാതം ഇതിൽ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഈ നിയമനത്തിൽ ഉണ്ടായ അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly